ശ്രീ. ടി. എം. ജേക്കബ്: പാസ്പോർട്ട് എടുത്തുകൊണ്ട് വിദേശങ്ങളിൽ പോകുന്ന ആളുകൾക്ക് പ്രത്യേകിച്ചും ഗൾഫ് രാജ്യങ്ങളിൽ എത്തുന്ന മലയാളികൾക്ക് വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ടെന്നുള്ള പരാതി ഉണ്ട്. വിദേശങ്ങളിൽ എത്തുന്ന മലയാളികളുടെ കാര്യത്തിൽ അവരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുള്ള എന്തെങ്കിലും നടപടികൾ എടുക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: പാസ്പോർട്ടിൽനിന്നും ഗൾഫിലേക്ക് ചാടണമോ?

ശ്രീ. കെ. പി. രാമൻ: സ്ത്രീകൾ പാസ്പോർട്ടിന് അപേക്ഷിച്ചാൽ പാസ്പോർട്ട് ലഭിക്കുന്നതിന് ഗൾഫിൽനിന്നും അയച്ചുകൊടുക്കുന്ന ഡിക്ലറേഷൻ ഫോം ആവശ്യമാണെന്നു കേൾക്കുന്നത് ശരിയാണോ? അങ്ങനെയാണെങ്കിൽ ഹജ്ജിന് പോകാൻ ആഗ്രഹിക്കുന്ന സ്ത്രീകൾക്ക് ഇതുമൂലം വളരെ അധികം വിഷമതകൾ ഉണ്ടാകുമെന്നുള്ളതുകൊണ്ട് ഇതൊഴിവാക്കാൻ നടപടി എടുക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: അതിനെപ്പറ്റി ഇപ്പോൾ എന്റെ കൈയിൽ വിവരമില്ല, അന്വേഷിക്കാം.

ശ്രീ. സേവ്യർ അറയ്ക്കൽ: പാസ്പോർട്ട് കിട്ടുന്നതിന് ഇപ്പോൾ വലിയ താമസമില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. പക്ഷേ പാസ്പോർട്ട് ഓഫീസിൽനിന്നും എൻ. ഒ. സി. കിട്ടാൻ വളരെയെറെ താമസം ഉണ്ടാകുന്നുണ്ട്. കഴിയുന്നതും വേഗം ഈ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് കൊടുക്കാൻ നടപടി എടുക്കുമോ?

മി. സ്പീക്കർ: പാസ്പോർട്ട് കൊടുക്കുന്നതിനെപ്പറ്റിയാണ് ചോദ്യം.

ശ്രീ. പി. കെ. വാസുദേവൻ നായർ: ആ വസ്തുതയിൽ ഞാൻ കുറെക്കൂടി അഭ്യർത്ഥന പ്രകടിപ്പിക്കുകയാണ്. പാസ്പോർട്ട് ഓഫീസിൽനിന്നും എൻ. ഒ. സി. കൊടുക്കുന്നുണ്ടോയെന്ന് അറിഞ്ഞുകൂടാ.

ശ്രീ. സേവ്യർ അറയ്ക്കൽ: അതിനെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി അന്വേഷിച്ച് അങ്ങനെ ഉണ്ടെന്നു കാണുകയാണെങ്കിൽ അത് കഴിയുന്നതും വേഗം കൊടുക്കാൻ നടപടി എടുക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: അതിനെപ്പറ്റി അന്വേഷിക്കാം.

പ്ലാനിംഗ് കമ്മീഷൻ അസംതൃപ്തി പ്രകടിപ്പിച്ച പദ്ധതികൾ

* 643 [700] ശ്രീ. കെ. രാഘവൻ മാസ്റ്റർ:
,, ഇ. നാരായണൻ നായർ:
,, ടി. എച്ച്. മുസ്തഫ:
,, കെ. എസ്. നാരായണൻ നമ്പൂതിരി:
,, എം. വി. രാജൻ:
,, പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റിന്റെ ഏതെങ്കിലും പദ്ധതിയെക്കുറിച്ച് പ്ലാനിംഗ് കമ്മീഷൻ അസംതൃപ്തി പ്രകടിപ്പിക്കുകയുണ്ടായിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പദ്ധതികളെക്കുറിച്ചാണെന്ന് വിശദമാക്കാമോ;

(സി) എന്തെല്ലാം കാരണങ്ങളാണ് പ്ലാനിംഗ് കമ്മീഷൻ സൂചിപ്പിച്ചത്;

(ഡി) ഉൽപ്പാദനരഹിതമായ പദ്ധതികൾക്ക് സഹായം നൽകുന്നതിൽ കേന്ദ്രത്തിന്റെ നിലപാടെന്താണ്?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): (എ) ഇല്ല.

(ബി, സി) ഉദിക്കുന്നില്ല.

(ഡി) സംസ്ഥാന പദ്ധതിയിലെ ഓരോ സ്കീമിനും ഇപ്പോൾ പ്രത്യേകമായി കേന്ദ്രസഹായം ലഭിക്കുന്നില്ല. സംസ്ഥാനപദ്ധതിക്ക് മൊത്തമായിട്ടാണ് കേന്ദ്രസഹായം ലഭിക്കുന്നത്. ഉൽപ്പാദനരഹിതമായ സ്കീമുകൾ ഉൾപ്പെടെ, സംസ്ഥാനപദ്ധതിയിൽ ചേർത്തിട്ടുള്ള എല്ലാ സ്കീമുകൾക്കും കേന്ദ്രസഹായത്തിന്റെ ഒരംശം കിട്ടുന്നുണ്ട്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: ഗ്രാമപ്രദേശങ്ങളിൽ റൂറൽ ഡിസ്പെൻസറികൾ സ്ഥാപിക്കുന്നതിനുവേണ്ടി കേന്ദ്രഗവൺമെന്റിന്റെ സഹായം കിട്ടിയിരുന്നു. അത് ഇപ്പോഴും തുടരുന്നുണ്ടോയെന്ന് പറയാമോ? തുടരുന്നുണ്ടെങ്കിൽ അത് ഇപ്പോഴും നിലനിൽക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: അതിനെപ്പറ്റി എനിക്കറിഞ്ഞുകൂടാ. റൂറൽ ഡിസ്പെൻസറികളെപ്പറ്റി മറുപടി പറയുന്നതിന് ആരോഗ്യമന്ത്രി ഇവിടെയുണ്ട്. ഇവിടെ പ്ലാനിൽ നിശ്ചയിച്ചിട്ടുള്ള കാര്യങ്ങളെപ്പറ്റിയാണ് ഇപ്രശ്നം. കേന്ദ്രത്തിൽനിന്നും റൂറൽ ഡിസ്പെൻസറികൾ തുടങ്ങാനുള്ള പദ്ധതി ഉള്ളതായി എനിക്ക് വിവരമൊന്നും ലഭിച്ചിട്ടില്ല.

ശ്രീ. ഇ. നാരായണൻ നായർ: തൊഴിലില്ലായ്മ വേതനം നൽകുന്നതിനെതിരായി കേന്ദ്രപ്ലാനിംഗ് കമ്മീഷൻ സ്റ്റേറ്റ് ഗവൺമെന്റുകൾക്കു താക്കീത് നൽകിയിട്ടുണ്ടോ? അതിന്റെ ഫലമായി ആണോ ഈ പദ്ധതി ഉപേക്ഷിച്ചിട്ടു മറ്റൊരു പേര് ആ പദ്ധതിക്ക് നൽകിയിരിക്കുന്നത്?

ശ്രീ. പി. കെ. വാസുദേവൻ നായർ: ചോദ്യത്തിന്റെ രണ്ടാമത്തെ ഭാഗത്ത് പറഞ്ഞ കാര്യങ്ങൾ വളരെ തെറ്റാണ്. വെറുതെ അത് വീണ്ടും ആവർത്തിക്കുകയാണ്. ഈ പദ്ധതിയെപ്പറ്റി കേന്ദ്രം പ്രത്യേകിച്ച് വിമർശിക്കുകയോ തള്ളിക്കളയുകയോ ചെയ്തിട്ടില്ല. ഈ പദ്ധതിക്കും കൂടി സഹായം അപേക്ഷിച്ചുകൊണ്ടാണ് നമ്മുടെ പദ്ധതി അങ്ങോട്ട് അയച്ചിരിക്കുന്നത്. വർക്കിംഗ് ഗ്രൂപ്പുകൾ ഈ കാര്യങ്ങളെസംബന്ധിച്ച് ചർച്ച ചെയ്തപ്പോൾ പല കാര്യങ്ങളെ സംബന്ധിച്ചും ചർച്ച ചെയ്യാതിരുന്ന കൂട്ടത്തിൽ ഈ കാര്യവും ചർച്ചചെയ്യാൻ ഇടവന്നില്ലെന്നു മാത്രമേ ഉള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. നാരായണൻ നായർ: തൊഴിലില്ലായ്മാ വേതനപരിപാടി എംപ്ലോയ്മെൻറ് ജനറേഷൻ പ്രോഗ്രാമായി മാറ്റാൻ തീരുമാനിച്ചിട്ടുണ്ടെന്ന് പറഞ്ഞു. ഈ പദ്ധതി ഉൽപ്പാദനേക്ഷമമല്ലാത്ത പദ്ധതിയായതുകൊണ്ട് കേന്ദ്രഗവൺമെൻറ് എതിരഭിപ്രായം പ്രകടിപ്പിച്ചതുകൊണ്ടാണോ ഇങ്ങനെ ചെയ്തത്?

ശ്രീ. പി. കെ. വാസുദേവൻ നായർ: പ്ലാനിംഗ് കമ്മീഷനിൽനിന്നും അങ്ങനെ ഒരു അഭിപ്രായപ്രകടനം ഉണ്ടായിട്ടില്ല. കേരളാ ഗവൺമെൻറിന്റെ സ്വന്തമായ അഭിപ്രായമനുസരിച്ച് തന്നെയാണ് ആ പദ്ധതി മുമ്പോട്ടു കൊണ്ടുപോകുന്നത്. ആ പദ്ധതി മുമ്പോട്ടു കൊണ്ടുപോകാൻ തന്നെയാണ് തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. പി. ബാലൻ: സൈലൻറ്വാലി സ്കീമിനെസംബന്ധിച്ച് പ്ലാനിംഗ് കമ്മീഷൻ വല്ല പ്രത്യേക അഭിപ്രായങ്ങളും പറഞ്ഞിട്ടുണ്ടോ, അതിനേക്കുറിച്ചുള്ള പ്ലാനിംഗ്കമ്മീഷന്റെ അഭിപ്രായം എന്താണെന്ന് പറയാമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: എനിക്കറിയാൻ കഴിഞ്ഞിടത്തോളം സൈലൻറ്വാലി പദ്ധതിക്ക് പ്ലാനിംഗ്കമ്മീഷൻ ക്ലിയറൻസ് നൽകി കഴിഞ്ഞിട്ടുണ്ട്.

ശ്രീ. ഇ. പി. ഗോപാലൻ: ഡി. യിൽ ഉൽപ്പാദനരഹിതമായ പദ്ധതിയെന്നുപറയുന്നുണ്ട്. ഉൽപ്പാദന പദ്ധതി, ഉൽപ്പാദനരഹിതമായ പദ്ധതി ഇങ്ങനെയാണോ ഈ പദ്ധതികളെ തരം തിരിക്കുന്നത്?

മി. സ്പീക്കർ: അങ്ങനെയുള്ള പദ്ധതികളും ഉണ്ട്.

ശ്രീ. ഇ. പി. ഗോപാലൻ: ഇവിടെ പറയാൻ പറ്റിയതാണോ എന്നും അറിഞ്ഞുകൂടാ. അതിനെപറ്റി ഒന്ന് വ്യക്തമാക്കാമോ?

(ഉത്തരം പറഞ്ഞില്ല)

ശ്രീ. പി. പി. എസ്തോസ്: പൊതുവിൽ പദ്ധതികൾക്ക് വേണ്ടി കേന്ദ്രഗവൺമെൻറ് ഒന്നായിട്ടാണ് പണം അനുവദിക്കുന്നത് എന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. രണ്ടായിരം കോടി രൂപ ചോദിക്കുകയും അത്രയും പണം അനുവദിക്കാതിരിക്കുകയും ചെയ്തപ്പോൾ സ്റ്റേറ്റ് ഗവൺമെൻറ് കൊടുത്ത പ്രയോറിട്ടി കേന്ദ്ര പ്ലാനിംഗ് കമ്മീഷൻ തള്ളിക്കളഞ്ഞിട്ടുണ്ടോ, ഉണ്ടെങ്കിൽ പ്രധാനപ്പെട്ട പ്രയോറിട്ടി നിശ്ചയിച്ചിട്ടുള്ളത് നഷ്ടപ്പെടുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: സ്റ്റേറ്റ് ഗവൺമെൻറിന് വളരെ നിർബന്ധമുള്ള ചില പദ്ധതികളും പ്ലാനിംഗ് കമ്മീഷന്റെ വർക്കിംഗ് ഗ്രൂപ്പിന്റെ ചർച്ചയിൽ വരാതെ പോയിട്ടുണ്ട്. സ്റ്റേറ്റ് ഗവൺമെൻറ് അത് മുമ്പോട്ടു കൊണ്ടുപോകാനാണ് തീരുമാനിച്ചിട്ടുള്ളത്. അതിൽ ഒന്നാണ് സപ്ലോർട്ട് പ്രൈസ്. മറ്റൊന്നാണ് ഷിപ്പിംഗ് കോർപ്പറേഷൻ. വേറൊന്നാണ് കോക്കനട്ട് ഡെവലപ്പ്മെൻറ് കോർപ്പറേഷൻ. ഇതെല്ലാം കേരള ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട പദ്ധതികളായതുകൊണ്ടാണ് രണ്ടായിരം കോടി രൂപയുടെ പ്ലാനിൽ ഉൾപ്പെടുത്തിയിരുന്നത്. അതിന് വർക്കിംഗ് ഗ്രൂപ്പിന്റെ ചർച്ചയിൽ അത്ര പ്രാധാന്യം കൊടുത്തിരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. എസ്. ഉണ്ണി: ലോകബാങ്ക് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും കേന്ദ്ര ഗവൺമെൻറിന്റെ പല പദ്ധതികളുടെ അടിസ്ഥാനത്തിൽ നമുക്ക് വിശദമായ പദ്ധതികളില്ലാത്തതുകൊണ്ട് ഗണ്യമായ സാമ്പത്തിക സഹായം കിട്ടുന്നില്ലെന്നു കേൾക്കുന്നത് ശരിയാണോ, അങ്ങനെയാണെങ്കിൽ വിശദമായ പദ്ധതികൾ തയ്യാറാക്കി കിട്ടാവുന്ന സഹായം വാങ്ങി വികസനത്തിനുവേണ്ടി വിനിയോഗിക്കുവാൻ തയ്യാറാകുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ലോകബാങ്കിൽനിന്നും അതുപോലെതന്നെ മറ്റു സാർവ്വദേശീയ സാമ്പത്തിക സ്ഥാപനങ്ങളിൽനിന്നും അർഹമായ പണം കിട്ടാതിരിക്കുന്ന സ്ഥിതിവിശേഷമുണ്ടായിട്ടുണ്ട്. അത് മുഴുവൻ മാറിയെന്ന് ഞാൻ അവകാശപ്പെടുന്നില്ല. ഇപ്പോൾ നമുക്ക് കുറച്ചു കൂടുതൽ സഹായം കിട്ടുന്നുണ്ട്. നമ്മുടെ പദ്ധതികൾ തക്ക സമയത്ത് തയ്യാറാക്കി സമർപ്പിക്കേണ്ടതു് ഒരാവശ്യമാണ്. അതിനുള്ള സംവിധാനം മുമ്പത്തേക്കാൾ കൂടുതൽ ഇപ്പോൾ ഉണ്ടാക്കിയിട്ടുണ്ട്.

കേന്ദ്ര പരീക്ഷകൾ

* 644 [701] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര പരീക്ഷകൾ ഇപ്പോൾ ഏതു ഭാഷയിലാണ് എഴുതുന്നത്;

(ബി) ഇന്ത്യയിലെ ഏതു ഭാഷയിലും കേന്ദ്ര പരീക്ഷകൾ എഴുതാനുള്ള നടപടികൾ കേന്ദ്രത്തോടാവശ്യപ്പെടാൻ സ്വീകരിക്കുവാൻ പരിശ്രമിച്ചുവോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ കേന്ദ്രത്തിന്റെ തീരുമാനമെന്താണ്?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): (എ) ഏത് കേന്ദ്ര പരീക്ഷകളാണ് ഉദ്ദേശിക്കുന്നതെന്ന് ചോദ്യത്തിൽനിന്ന് വ്യക്തമല്ല. ഐ. എ. എസ്., ഐ. പി. എസ്., ഐ. എഫ്. എസ്., മറ്റു കേന്ദ്ര സർവ്വീസുകൾ, ഗ്രൂപ്പ് എ., ബി. തുടങ്ങിയ മറ്റു സർവ്വീസുകൾ എന്നിവയിലേക്ക് തിരഞ്ഞെടുക്കപ്പെടാനുള്ള സിവിൽ സർവ്വീസസ് പരീക്ഷയെ സംബന്ധിച്ചിടത്തോളം ഈ പരീക്ഷ പ്രിലിമിനറി, മെയിൻ എന്നീ രണ്ടു ഘട്ടങ്ങളായിട്ടാണ് നടത്തുന്നത്. ഇതിൽ മെയിൻ പരീക്ഷ ഇംഗ്ലീഷിലോ ഭരണഘടനയുടെ 8-ാം ഷെഡ്യൂളിൽ പറയുന്ന ഏതെങ്കിലും പ്രാദേശിക ഭാഷയിലോ എഴുതാവുന്നതാണ്. ഇപ്പോൾ ഈ പരീക്ഷകൾ ഇംഗ്ലീഷിലാണ്.

(ബി) (സി) മേൽ പ്രസ്താവിച്ചതിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

Commutation of Pension

* 645 [702] **Sri M. Ramappa**: Will the Chief Minister be pleased to state:

(a) Whether the Government have a proposal to revise the formula for commuting the pension of its employees;

LIBRARY ARCHIVES Kerala Legislative Assembly